**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഓഫർ തട്ടിപ്പ് സംബന്ധിച്ച അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന വ്യാപകമായി നടന്ന ഓഫർ തട്ടിപ്പ് സംബന്ധിച്ച അന്വേഷണങ്ങൾക്ക് ആധാരമായ തെളിവുകൾ പോലീസിന് ലഭിച്ച സാഹചര്യം വ്യക്തമാക്കാമോ; | (എ) | മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം മുഖേന ലഭിച്ച പരാതിയിന്മേൽ പോലീസ് നടത്തിയ അന്വേഷണത്തിലാണ് ഈ തട്ടിപ്പ് വെളിവായിട്ടുള്ളത്. |
| (ബി) | പകുതി വിലയ്ക്ക് വാഹനം നൽകാമെന്ന ഓഫർ സ്വീകരിച്ച് കബളിപ്പിക്കപ്പെട്ടവർ നൽകിയ പരാതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 14,814 പരാതികളാണ് ലഭിച്ചിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെ 48,523 പേരിൽ നിന്നും പകുതി വിലക്ക് സ്കൂട്ടർ നല്കാമെന്ന് വാഗ്ദാനം ചെയ്ത് പണം സ്വീകരിച്ചതിൽ 17,087 പേർക്ക് മാത്രമേ സ്കൂട്ടർ നൽകിയിട്ടുള്ളൂ എന്നും ലാപ് ടോപ്പിന് പണം വാങ്ങിയ 36,891 പേരിൽ, 29,897 പേർക്ക് മാത്രമേ ലാപ് ടോപ്പ് നൽകിയിട്ടുള്ളൂ എന്നും തയ്യൽ മെഷിന് പണം നൽകിയ 56,082 പേരിൽ, 53,478 പേർക്ക് മാത്രമേ തയ്യൽ മെഷിൻ നൽകിയിട്ടുള്ളൂ എന്നും ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |
| (സി) | പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിന് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. ഓഫർ തട്ടിപ്പ് സംബന്ധിച്ച അന്വേഷണം നടത്തുന്നതിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി എച്ച് വെങ്കിടേഷ് ഐ.പി.എസ് - ന്റെ മേൽനോട്ടത്തിൽ, എറണാകുളം ക്രൈം ബ്രാഞ്ച് സെൻട്രൽ യൂണിറ്റ്-II, പോലീസ് സൂപ്രണ്ട് എം.സോജൻ ഐ.പി.എസിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ക്രൈം ബ്രാഞ്ച് യൂണിറ്റുകളിൽ നിന്നുമായി 80 പേരടങ്ങുന്ന പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തട്ടിപ്പിന്റെ ആസൂത്രകർ, നേരിട്ട് തട്ടിപ്പിൽ ഇടപെട്ടവർ എന്നിവരിൽ ആരെയെല്ലാം ഇതിനകം പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | (ഡി) | പകുതി വില തട്ടിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ അറസ്റ്റ് ചെയ്തവരുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. അനന്തു കൃഷ്ണൻ, S/o രാധാകൃഷ്ണൻ, ചൂരക്കുളങ്ങര വീട്ടിൽ, കുടയത്തൂർ വില്ലേജിൽ, തൊടുപുഴ, ഇടുക്കി.<br><br>2. News of India (NGO) ഗുരുവായൂർ എന്ന സ്ഥാപനത്തിന്റെ സെക്രട്ടറി, രവി പന്നക്കൽ S/o ശങ്കു, പന്നക്കൽ വീട്, തിരുനെല്ലൂർ, പാവറട്ടി.<br><br>3. ബഷീർ.പി.പി S/o മോനുദീൻ പി.പി, കളമക്കുന്ന് ഹൗസ്, മുത്ത് വല്ലൂർ പി.ഒ, മലപ്പുറം.<br><br>4. റിയാസ് S/o ബാവ, പലക്കവലപ്പിൽ ചെറിയ ഒറ്റയിൽ ഹൗസ്, കോട്ടായി, മംഗലം.<br><br>5. മുഹമ്മദ് ഷാഫി S/o അലവിക്കുട്ടി ഹാജി, ഒടിയങ്ങൾ ഹൗസ്, ഒസൂർ, ഓമച്ചപ്പുഴ പി.ഒ.<br><br>പ്രത്യേക അന്വേഷണ സംഘത്തിന്റെ നേതൃത്വത്തിൽ ഫലപ്രദമായ അന്വേഷണം നടന്നു വരുന്നു. |
| (ഇ) | പോലീസിന്റെ പ്രാഥമിക നിഗമനത്തിൽ എത്ര കോടി രൂപയുടെ തട്ടിപ്പ് നടന്നതായാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ഇ) | ഏകദേശം 230 കോടി രൂപയുടെ തട്ടിപ്പ് നടന്നതായി വിലയിരുത്തുന്നു. |
| (എഫ്) | തട്ടിപ്പിന് ഇടനിലക്കാരായി ഉൾപ്പെടുത്തിയിരുന്നത് ഏതെല്ലാം സ്ഥാപനങ്ങളെയും ഏജൻസികളെയുമാണെന്ന വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | സർദാർ പട്ടേൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് റിസർച്ച് & ഡെവലപ്മെന്റൽ സ്റ്റഡീസ് (SPARDS) എന്ന ട്രസ്റ്റിന്റെ ചീഫ് പ്രോജക്റ്റ് കോർഡിനേറ്റർ ചുമതല വഹിക്കുന്ന അനന്തു കൃഷ്ണനാണ് ഈ കേസിലെ പ്രധാന പ്രതി. ഇയാൾ 62 ബ്ലോക്ക് പഞ്ചായത്തുകളിലെ Socio-Economic and Environmental Development (SEED) സൊസൈറ്റികളെയും, സംസ്ഥാനത്തുടനീളമുള്ള 160-ഓളം എൻ.ജി.ഒ.കളെയും ഈ തട്ടിപ്പിനായി ഉപയോഗിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയായാൽ മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ